**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3786** **27-10-2021 - ൽ മറുപടിയ്ക്ക്**

**സംവരണക്രമം മറികടന്ന് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 373/2017 പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ ഇൻസ്ട്രക്ടർ മൾട്ടിമീഡിയ ആൻഡ് സ്പെഷ്യൽ എഫക്ട് റാങ്ക് ലിസ്റ്റിൽ നിന്നും സംവരണക്രമം മറികടന്ന് നിയമനം നടത്തിയതിനാൽ മസ്കുലർ ഡിസ്ട്രോഫി ബാധിച്ച് ചക്രക്കസേരയെ ആശ്രയിച്ചുകഴിയുന്ന ശാരീരിക വെല്ലുവിളികൾ നേരിടുന്ന നിരാലംബരായ രണ്ട് പെൺകുട്ടികൾക്ക് നിയമനം നിഷേധിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചട്ടപ്രകാരം ഭിന്നശേഷി നിയമനത്തിലെ ആദ്യത്തെ ഊഴം Low Vision വിഭാഗത്തിനാണ് നൽകേണ്ടത്. റാങ്ക് പട്ടികയിൽ Low Vision വിഭാഗത്തിൽ ആരും ഉൾപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലും യോഗ്യരായ Low Vision വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലായെങ്കിൽ മാത്രമേ മറ്റ ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ഒഴിവ് പാസ് ഓവർ ചെയ്യാൻ കഴിയുകയുള്ളൂ. മസ്കുലർ ഡിസ്ട്രോഫി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഭിന്ന ശേഷി സംവരണ വിഭാഗത്തിലെ മൂന്നാമത്തെ ഊഴത്തിൽപ്പെടുന്നവരാണ്. ടി തസ്തികയിൽ നാല് ഒഴിവുകൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. അതിലെ രണ്ട് ഒഴിവുകളിൽ റാങ്ക് പട്ടികയിലെ 1,2 എന്നീ റാങ്കുകാർക്ക് അവരുടെ ഊഴം അനുസരിച്ച് നിയമന ശിപാർശ നൽകുകയും ഒരു ഒഴിവ് ഈഴവ വിഭാഗത്തിനായി NCA വിജ്ഞാപനം പുറപ്പെടുവിക്കാൻ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പാലിച്ചാണ് പ്രസ്തുത നടപടികൾ കൈകൊണ്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പിഴവ് അടിയന്തരമായി പരിഹരിച്ച് മേൽപ്പറഞ്ഞവർക്ക് അർഹതപ്പെട്ട നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ചട്ടപ്രകാരം ഭിന്നശേഷി നിയമനത്തിലെ ആദ്യത്തെ ഊഴം Low Vision വിഭാഗത്തിനാണ് നൽകേണ്ടത്. റാങ്ക് പട്ടികയിൽ Low Vision വിഭാഗത്തിൽ ആരും ഉൾപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം അടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലും യോഗ്യരായ Low Vision വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലായെങ്കിൽ മാത്രമേ മറ്റ ഭിന്ന ശേഷി വിഭാഗങ്ങൾക്ക് ഒഴിവ് പാസ് ഓവർ ചെയ്യാൻ കഴിയുകയുള്ളൂ. മസ്കുലർ ഡിസ്ട്രോഫി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഭിന്ന ശേഷി സംവരണ വിഭാഗത്തിലെ മൂന്നാമത്തെ ഊഴത്തിൽപ്പെടുന്നവരാണ്. ടി തസ്തികയിൽ നാല് ഒഴിവുകൾ മാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. അതിലെ |

| | | | |
|---|---|---|---|
| | | | രണ്ട് ഒഴിവുകളിൽ റാങ്ക് പട്ടികയിലെ 1,2 എന്നീ റാങ്കുകാർക്ക് അവരുടെ ഊഴം അനുസരിച്ച് നിയമന ശിപാർശ നൽകുകയും ഒരു ഒഴിവ് ഈഴവ വിഭാഗത്തിനായി NCA വിജ്ഞാപനം പുറപ്പെടുവിക്കാൻ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പാലിച്ചാണ് പ്രസ്തുത നടപടികൾ കൈകൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ